(ബി) ഓരോ സ്കീമിനുമുള്ള അതാത് അപേക്ഷാഫാറത്തിൽ വേണം അപേക്ഷ സമർപ്പിക്കേണ്ടത്. പ്രധാനമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ചികിത്സാ സഹായത്തിന് അതാത് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. മാരക രോഗങ്ങൾക്കുള്ള ധനസഹായം ലഭിക്കുന്നതിന്, നിർദ്ദിഷ്ട അപേക്ഷാഫാറത്തിൽ, ഡോക്ടറുടെ സാക്ഷ്യപത്രം, വില്ലേജ് ആഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് എന്നിവയടക്കം അപേക്ഷ സമർപ്പിക്കേണ്ടതും മറ്റു അസുഖങ്ങൾക്ക് വെള്ളപേപ്പറിൽ എഴുതി തയ്യാറാക്കിയ അപേക്ഷ, ഡോക്ടറുടെ സാക്ഷ്യപത്രം, വില്ലേജ് ആഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് എന്നിവയടക്കം സമർപ്പിക്കേണ്ടതുമാണ്.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുക

48 (671) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ കഴിഞ്ഞ ബജറ്റിൽ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും വകയിരുത്തിയ തുകയും മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കാമോ ;

(ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ 2011-12 കാലയളവിൽ നീക്കിവച്ചിരുന്ന പ്ലാൻ ഫണ്ടും ചെലവും ഇനം തിരിച്ച് അറിയിക്കാമോ ;

(സി) 2011-12 ആരോഗ്യമേഖലയ്ക്ക് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയായിരുന്നു ; ഓരോന്നിനും വകയിരുത്തിയിരിക്കുന്ന തുകയും മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്നറിയിക്കാമോ ?

ഉത്തരം

(എ&ബി) ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ 2011-12-ലെ ബഡ്ജറ്റിൽ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും പദ്ധതിയിനത്തിൽ വകയിരുത്തിയ തുകയുടെയും മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധം-1-ൽ ചേർത്തിരിക്കുന്നു. * പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയ തുകയുടെയും ചെലവിന്റെയും വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(സി) 2011-12 ആരോഗ്യമേഖലയ്ക്ക് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം അനുബന്ധം-2-ൽ ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly